"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ് - ഡയറക്ട് സെല്ലിങ് കമ്പനികളുടെ അപേക്ഷ പരിശോധിച്ച് എൻറോൾമെൻറ് ഉറപ്പ് വരുത്തുന്നതിനായി നിയമിതരായിട്ടുള്ള അഡ്വക്കേറ്റിനും ചാർട്ടേർഡ് അക്കൗണ്ടന്റിനും നല്കേണ്ട ചെലവുകൾ സ്പെഷ്യൽ റ്റി. എസ്. ബി. അക്കൗണ്ടിൽ സ്വീകരിക്കുന്ന തുകകളിൽ നിന്നു തന്നെ നല്കുന്നതിനുള്ള അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

**G.O.(Rt)No.55/2025/CAD** തീയതി,തിരുവനന്തപുരം, **27-10-2025**

---

പരാമർശം:-
1. **04/10/2024**ലെ സ.ഉ (പി) **20/2024**/സി.എ.ഡി നമ്പർ ഉത്തരവ്
2. **07-07-2025**ന് ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന യോഗത്തിന്റെ മിനിറ്റ്സ്.
3. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ **23/09/2025** ലെ **CCS/501/2022-CA5** നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഡയറക്ട് സെല്ലിങ് കമ്പനികളെ നിരീക്ഷിക്കുന്നതിന് വേണ്ടി പരാമർശം **(1)** പ്രകാരം ഒരു മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിരുന്നു. അതോടൊപ്പം നിലവിൽ വന്ന വെബ് പോർട്ടൽ മുഖേന കമ്പനികൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുമ്പോൾ, എല്ലാ കമ്പനികളിൽ നിന്നും **Application Processing Fee** ആയി **10,000/-** രൂപയും (പതിനായിരം രൂപ മാത്രം) റീഫൻഡ് ചെയ്യപ്പെടാത്ത **Technology Support Fund** ആയി **1,00,000/-**രൂപയും (ഒരു ലക്ഷം രൂപ മാത്രം) ശേഖരിക്കാനും ടി തുക ഒരു പ്രത്യേക ബാങ്ക്/ട്രഷറി അക്കൗണ്ടിൽ സൂക്ഷിക്കാനും മാർഗ്ഗരേഖയിൽ ഉത്തരവായിരുന്നു. അത് പ്രകാരം ലഭിക്കുന്ന **Application Processing Fee, Technology Support Fund** എന്നിവ സൂക്ഷിക്കുന്നതിനു മാത്രമായി, മറ്റ് ഗവ. ഫണ്ടുകളൊന്നും നിക്ഷേപിക്കരുത് എന്ന വ്യവസ്ഥയിൽ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ പേരിൽ ഒരു ടി.എസ്.ബി (ഇൻസ്റ്റിറ്റ്യൂഷൻ) അക്കൗണ്ട് വെള്ളയമ്പലം സബ് ട്രഷറിയിൽ തുടങ്ങുന്നതിനു കമ്മീഷണർക്ക് അനുമതിയും ടി **TSB (Inst)** അക്കൗണ്ട് നം

**799010100419104** ൽ യാതൊരു സാഹചര്യത്തിലും സർക്കാർ ഫണ്ട് നിക്ഷേപിക്കാൻ പാടുള്ളതല്ല എന്നുള്ള നിർദേശവും നൽകിയിരുന്നു.

ഡയറക്റ്റ് സെല്ലിങ് കമ്പനികൾ ഓൺലൈൻ എൻറോൾമെന്റിനായി കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് എൻറോൾമെന്റ് ഉറപ്പ് വരുത്തുന്നതിനായി പരിശോധന നടത്തുന്നതിന് ഓരോ അപേക്ഷയ്ക്കും യഥാക്രമം **3000/-, 4000/-** രൂപ നിരക്കിൽ ഫീസ് നിശ്ചയിച്ച് നിയമ/ചാർട്ടേഡ് അക്കൗണ്ടന്റുമാരിൽ നിന്നും അനുയോജ്യരായ ആൾക്കാരെ നിയമിക്കുന്നതിന് **07-07-2025** -ന് നടന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

അപ്രകാരം ലഭിച്ച അപേക്ഷകരിൽ നിന്നും ഒരു അഡ്വക്കേറ്റിനെയും ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കമ്പനികളിൽ നിന്നും ലഭിക്കുന്ന **Application Processing** ഫീസ് ആയി പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ പേരിലുള്ള **TSB** അക്കൗണ്ടിൽ **₹3,30,000/-**(മൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ) ഇതിനകം അടവ് വന്നിട്ടുണ്ടെന്നും അഡ്വക്കേറ്റിനും ചാർട്ടേർഡ് അക്കൗണ്ടന്റിനും നല്കേണ്ട സർവീസ് ചാർജ്ജ് അടക്കമുള്ള എല്ലാ ചെലവുകളും സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ സ്വീകരിക്കുന്ന തുകകളിൽ നിന്നു തന്നെ നല്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം **(3)** പ്രകാരം കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം **(1)** ലെ മാർഗ രേഖയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഓൺലൈൻ എൻറോൾമെന്റിനായി കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് എൻറോൾമെന്റ് ഉറപ്പ് വരുത്തുന്നതിനായി പരിശോധന നടത്തുന്നതിന് അഡ്വക്കേറ്റിനും ചാർട്ടേർഡ് അക്കൗണ്ടന്റിനും നല്കേണ്ട ഓരോ അപേക്ഷയ്ക്കും യഥാക്രമം **3000/-, 4000/-** രൂപ നിരക്കിൽ അഡ്വക്കേറ്റിനും ചാർട്ടേർഡ് അക്കൗണ്ടന്റിനും നല്കേണ്ട സർവീസ് ചാർജ്ജ് അടക്കമുള്ള എല്ലാ ചെലവുകളും മേൽ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ സ്വീകരിക്കുന്ന തുകകളിൽ നിന്നു നല്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SARAT CHANDRAN C S**

**SPECIAL SECRETARY**

**To,**

1. **Dr.**തോമസ് ജോസഫ് തൂംകുഴി. വിസിറ്റിംഗ് പ്രൊഫസർ , ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ, തിരുവനന്തപുരം
2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ,തിരുവനന്തപുരം
3. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
4. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (സി എ 1/ 9/2022/സി എ ഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ